നം.ഡി6/3929/2022/ഡി.ജി.ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി. 20/04/2022

# നോട്ടീസ്

വിഷയം - പൊതുവിദ്യാഭ്യാസം - ജീവനക്കാര്യം - ഡിപ്പാർട്ട്മെന്റൽ പ്രമോഷൻ കമ്മിറ്റി (ലോവർ) - 2022 കൂടുന്നതിലേയ്ക്ക് - കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ സമർപ്പിക്കുന്നത് - സംബന്ധിച്ച്.

സൂചന - 1. 07/04/2022 ലെ ഇതേ നമ്പർ സർക്കുലർ.
2. ഡി6/4307/2021/ഡിജിഇ നമ്പരായിട്ടുള്ള 22/07/2021 ലെ വിജ്ഞാപനം.

**************

സൂചന (1) സർക്കുലർ പ്രകാരം 2022 കാലയളവിലേയ്ക്ക് ഉണ്ടാകാവുന്ന എച്ച്.എം./എ.ഇ.ഒ. തസ്തികകളിലേക്ക് പ്രമോഷൻ നൽകുന്നതിന് ഡി.പി.സി. കൂടി സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിന്റെ ഭാഗമായി ഈ കാര്യാലയത്തിൽ നിന്നും 23/03/2019 ലെ എസ്.വൈ(1)/60000/2015/ ഡി.പി.ഐ നമ്പർ ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ച 2001-2006 കാലയളവിലെ എച്ച്.എസ്.ടി മാരുടെ സീനിയോരിറ്റി ലിസ്റ്റിൽ നിന്നും റാങ്ക് **1300** വരെയുള്ളവരും കൂടാതെ മുൻകാല എച്ച്.എസ്.ടി ഫൈനൽ സീനിയോറിറ്റി ലിസ്റ്റുകളിൽ പേരുണ്ടായിട്ടും സർവ്വീസിലുള്ളവരിൽ നാളിതുവരെ എച്ച്.എം/എ.ഇ.ഒ സ്ഥാനക്കയറ്റം ലഭിക്കാത്തവരുമായ എച്ച്.എസ്.ടി. മാർ അവരുടെ 3 വർഷത്തെ (01/01/2019 മുതൽ 31/12/2021 വരെ) കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിനായി നിർദ്ദേശിച്ചിരുന്നു.

എന്നാൽ സൂചന (2) പ്രകാരം 2021 കാലയളവിൽ ഡി.പി.സി. കൂടി തയ്യാറാക്കിയ എച്ച്.എം./എ.ഇ.ഒ. സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവരും ടി ലിസ്റ്റിൽ നിന്നും ഇനിയും പ്രമോഷൻ ലഭിക്കാത്തവരുമായ ജീവനക്കാർ 2021 ലെ കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിക്കേണ്ടതുണ്ടോ എന്ന സംശയ നിവാരണത്തിനായി പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലേക്ക് ഫോൺ മുഖേന ബന്ധപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്. ടി വിഷയം പരിശോധിച്ചതിൽ **സൂചന (2) പ്രകാരമുള്ള എച്ച്.എം./എ.ഇ.ഒ. പ്രമോഷന്റെ 2021 ലെ സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ട അദ്ധ്യാപകരിൽ ഇനിയും സ്ഥാനക്കയറ്റം ലഭിക്കാത്ത അദ്ധ്യാപകർ (ക്രമ നമ്പർ 382 മുതൽ ഉള്ളവർ) 2021 (01/01/2021 മുതൽ 31/12/2021 വരെ) കാലയളവിലെ കോൺഫിഡൻഷ്യൽ റിപ്പോർട്ട് കൂടി സമർപ്പിക്കേണ്ടതാണ്** എന്ന വിവരം അറിയിക്കുന്നു.

(ഒപ്പ്)
**ബിജുമോൻ ജോസഫ്**
പെൻ - 101243
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

// അംഗീകാരത്തോടെ //

സൂപ്രണ്ട്

**സ്വീകർത്താവ്:**

1) എക്സിക്യൂട്ടീവ് ഡയറക്ടർ & വൈസ് ചെയർമാൻ, കൈറ്റ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുവേണ്ടി)

2) എല്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
(വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർ നോട്ടീസ് ജില്ലയിലെ എല്ലാ വിദ്യാഭ്യാസ ഉദ്യോഗസ്ഥരുടെയും ശ്രദ്ധയിൽ കൊണ്ടു വരേണ്ടതാണ്).
3) എല്ലാ ഡയറ്റ് പ്രിൻസിപ്പാൾമാർക്കും
4) സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, എസ്.എസ്.കെ. നന്ദാവനം, തിരുവനന്തപുരം.
5) ജോയിന്റ് കമ്മീഷണർ, പരീക്ഷാഭവൻ, പൂജപ്പുര, തിരുവനന്തപുരം.
6) ടെക്സ്റ്റ് ബുക്ക് ഓഫീസർ, പത്മവിലാസം റോഡ്, ഫോർട്ട്, തിരുവനന്തപുരം.
7) ഡയറക്ടർ, എസ്.സി.ഇ.ആർ.ടി., പൂജപ്പുര, തിരുവനന്തപുരം.

<u>പകർപ്പ്:-</u>

കരുതൽ ഫയൽ.